മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1,72,000 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

77 (2262) അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നടന്ന അക്രമം

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. ബാബു :
ശ്രീ. വി.ജെ. പൗലോസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ 1999 ജൂൺ 23-ാം തീയതി നടന്ന അക്രമത്തോടനുബന്ധിച്ച് എന്തെങ്കിലും കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിൽ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അങ്കമാലി പോലീസ് സ്റ്റേഷനിൽ രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്രൈം 330/99 കേസ്സിൽ ആശുപത്രി സെക്യൂരിറ്റി ജീവനക്കാരനെതിരെയും കണ്ടാലറിയാവുന്ന മറ്റൊരാൾക്കെതിരെയും ക്രൈം 331/99 കേസ്സിൽ 1. സുനിൽ 2. ബിജുവർഗ്ഗീസ് 3. ജോർജ് 4. സാബു 5. ജെയിംസ് 6. ആന്റണി 7. വർഗ്ഗീസ് 8. ലാസർ 9. ബാബു 10. അഫ്രോം 11. ജോയി 12. ബെന്നി 13. ജിസ്മോൻ 14. അശോകൻ എന്നിവർക്കും കണ്ടാലറിയാവുന്ന 20 ഓളം ആളുകൾക്കെതിരെയും കേസ്സെടുത്തിട്ടുണ്ട്.

78 (2263) പത്രം ആഫീസ് തീവച്ച സംഭവം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രസിദ്ധീകരിക്കുന്ന ഏതെങ്കിലും സായാഹ്നപത്രത്തിന്റെ ഓഫീസ് തീവച്ച് നശിപ്പിച്ചതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്രമാഫീസ് തീവച്ചതിന്റെ പിന്നിൽ ഏതെങ്കിലും ഉദ്ദേശമുണ്ടായിരുന്നോ എന്നകാര്യം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) പത്രമാഫീസ് തീവച്ച് നശിപ്പിച്ച സംഭവം ഏത് ഏജൻസിയെ കൊണ്ടാണ് അന്വേഷിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly